മോട്ടോർ വാഹന ചട്ടത്തിലെ 88(8) പ്രകാരം സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ബസ്സുകൾക്ക് എൻട്രി ടാക്സ് നിലവിലില്ല. എന്നാൽ മേൽപ്പറഞ്ഞ നിയമപ്രകാരം കർണ്ണാടകവുമായി ടൂറിസ്റ്റ് ബസ്സുകൾക്ക് കരാർ നിലവിലില്ലാത്തതിനാൽ കർണ്ണാടകത്തിലേക്ക് സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ നിന്നും എൻട്രി ടാക്സ് ഈടാക്കുന്നുണ്ട്.

(ബി) ഏഴു ദിവസത്തിൽ കൂടാതെയുള്ള കാലയളവിലേയ്ക്ക് നിലവിലുള്ള ഒരു ക്വാർട്ടറിന്റെ നികുതിയുടെ പത്തിൽ ഒന്നും (1/10). 30 ദിവസത്തിൽ കൂടാതെയുള്ള കാലയളവിലേയ്ക്ക് നിലവിലുള്ള ത്രൈമാസ നികുതിയുടെ മൂന്നിൽ ഒന്നും (1/3) ആണ് ഈടാക്കുന്നത്.

(സി) അന്തർ സംസ്ഥാന വാഹനകരാറുകൾ നിലവില്ലാത്ത സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കു കടന്നുവരുന്ന എല്ലാ ടൂറിസ്റ്റ് വാഹനങ്ങളിൽ നിന്നും എൻട്രി ടാക്സ് പിരിക്കുന്നുണ്ട്.

(ഡി) 7 ദിവസത്തിൽ കൂടാതെയുള്ള കാലയളവിലേയ്ക്ക് നിലവിലുള്ള ഒരു ക്വാർട്ടറിന്റെ പത്തിൽ ഒന്നും (1/10) 30 ദിവസത്തിൽ കൂടാതെയുള്ള കാലയളവിലേയ്ക്ക് നിലവിലുള്ള ത്രൈമാസ നികുതിയുടെ മൂന്നിൽ ഒന്നും (1/3) ആണ് ഈടാക്കുന്നത്.

89 (407) കൊല്ലം-മൺറോത്തുരുത്ത് ബോട്ട് സർവ്വീസ്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-മൺറോത്തുരുത്ത്, കൊല്ലം-മുതിരപറമ്പ് എന്നീ ബോട്ട് സർവ്വീസുകൾ ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നുമുതലാണ് ഓരോ സർവ്വീസും മുടങ്ങിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) യാത്രാക്ലേശം പരിഗണിച്ച് സർവ്വീസുകൾ ഉടൻ പുനരാരംഭിക്കുമോ?

ഉത്തരം

(എ) കൊല്ലം-മൺറോത്തുരുത്ത് സർവ്വീസ് ഇപ്പോൾ നടത്തുന്നു. കൊല്ലം മുതിരപറമ്പ് സർവ്വീസ് ഇപ്പോൾ മുടങ്ങികിടക്കുകയാണ്.

(ബി) കൊല്ലം-മുതിരപറമ്പ് സർവ്വീസ് മുടങ്ങികിടക്കുന്നത് 20-1-2000 മുതലാണ്.

(സി) കൊല്ലം-മുതിരപറമ്പ് സർവ്വീസ് നടത്തിയിരുന്ന എ.37-ാം നമ്പർ ബോട്ട് മേജർ റിപ്പയറിനു പിടിച്ചതുമൂലമാണ് സർവ്വീസ് മുടക്കം ഉണ്ടായിരിക്കുന്നത്.

(ഡി) ബോട്ടിന്റെ പണികൾ തീർത്തു കഴിവതും വേഗം സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly